കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമുടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-723/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

തീയതി, 19.06.2017

ഫോൺ - 0477- 2252753

ഇമെയിൽ -ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുമുടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- നെടുമുടി ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-5, 3-6എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി1-723/2017 തീയതി:19.06.2017

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്*13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും,ഉദ്യോഗപേരും | സി.വൈ.സലീം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.06.2017മുതൽ 14.06.2017 വരെ | ശ്രീ.സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.എം.കെ.ചാക്കോ. | 01.4.2016 മുതൽ 31.3.17വരെ. |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.കെ.എൻ വിമൽകുമാർ | 01.04.2016മുതൽ<br>6.10.2016 വരെ |
| 2 | ശ്രീ.പി.അജയകുമാർ,<br>അസിസ്റ്റന്റ്സെക്രട്ടറി (ഇൻ ചാർജ് ) | 7.10.16 മുതൽ<br>18.10.16 വരെ |
| 3 | ശ്രീ.ജോയ് മാത്യൂ | 19.10.16 മുതൽ 31.3.17വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. പ്രദീപ്<br>ശ്രീ.പി.ബാലചന്ദ്രൻ | 1.4.2016 മുതൽ 13.12.2016വരെ<br>14.12.2016മുതൽ 31.3.2017വരെ. |
| 2 | വെറ്ററിനറി സർജൻ | ഡോ.ദീപ | 1.4.2016മുതൽ 31.3.2017വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.നിള.എം.<br>ശ്രീമതി. അനില ശശിധരൻ | 1.4.2016മുതൽ 14.2.2017വരെ<br>15.2.2017മുതൽ 31.3.2017വരെ |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ഫിലിപ്പ് ജേക്കബ് | 1.4.2016 മുതൽ 31.3.2017വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബേനസീർ കോയ തങ്ങൾ<br>ഡോ.റോയ് ബി ഉണ്ണിത്താൻ | 1.4.2016 മുതൽ 9.8.2016വരെ<br>10.8.16മുതൽ 31.3.17വരെ |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സെൽമ ബീവി.എ | 1.4.2016 മുതൽ 31.3.2017വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീ.ഷുക്കൂർ.എം. | 1.4.2016 മുതൽ 30.9.2016വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി.മൈമീനത്ത്. | 1.10.16 മുതൽ 31.3.2017വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ദേവിരാമചന്ദ്രൻ<br>ശ്രീ.ബിനോയ് ബോസ് | 1.4.2016 മുതൽ 15.7.2016വരെ<br>16.7.16 മുതൽ 31.3.2017വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രജീഷകുമാരി | 1.4.2016 മുതൽ 31.3.2017വരെ |
| | | ശ്രീമതി.സീന.ജി.തങ്കപ്പൻ | 1.4.2016 മുതൽ 31.3.2017വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അജയകുമാർ | 1.4.2016 മുതൽ 31.3.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to<br>1-13 |
| | ഭാഗം-2 | |
| 2 | വസ്തു നികുതി പിരിവിൽ വൻ കുറവ് | 2-1 |
| 3 | ടവറുകളുടെ വസ്തു നികുതി ഒടുക്കിയിട്ടില്ല | 2-2 |
| 4 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-3 |
| 5 | ബാങ്ക് നിക്ഷേപങ്ങൾക്ക് പലിശ ലഭിക്കുന്നില്ല | 2-4 |
| | ഭാഗം-3 | |
| 6 | കുടിവെള്ള പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 7 | ബിഎസ്സ്എൻഎൽ-എഫ്.ടി.ടി.എച്ച് ഇന്റർനെറ്റ് കണക്ഷൻ (0477 2970158) സംബന്ധിച്ച് | 3-2 |
| 8 | ചെമ്പുംപുറം സൗത്ത് യു.പി.സ്കൂൾ മെയിന്റനൻസ് – സർവ്വീസ് ടാക്സ് നൽകിയതുമൂലം അധികചെലവ് | 3-3 |
| 9 | ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് – മൂല്യ വർദ്ധിത നികുതി അധികം നൽകി | 3-4 |
| 10 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ – കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം | 3-5 |

| | | |
|---|---|---|
| | എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | |
| 11 | ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം സർവ്വീസ് ടാക്സ് നൽകിയതുമൂലം അധിക ചെലവ് | 3-6 |
| 12 | ധന സഹായം - ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 13 | ആരോഗ്യ മേഖലയിലെ മരുന്ന് വാങ്ങൽ പദ്ധതികൾ - നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല - ചെലവ് നിരാകരിക്കുന്നു | 3-8 |
| 14 | സാനിട്ടറി യൂണിറ്റ് നിർമ്മാണം - സ്വച്ഛ്ഭാരത് മിഷൻ ഫണ്ട് പൂർണ്ണമായും ലഭിച്ചില്ല | 3-9 |
| 15 | പാലിയേറ്റീവ് കെയർ പദ്ധതി - വാഹന വാടക അനുവദിക്കുന്നതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-10 |
| | ഭാഗം -4 | |
| 16 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| | അനുബന്ധം | |
| 17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | 1 |
| 18 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | 2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.3.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 98665000 | 97249000 |
| വാർഷിക കണക്ക് പ്രകാരം | 38049958 | 34668924 |

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 1.5.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6765772 |
| വരവ് | 38049958 |
| ആകെ | 44815730 |
| ചെലവ് | 34668924 |
| നീക്കിയിരിപ്പ് | 10146806 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| വികസനഫണ്ട്(Gen) | 10358716 | 9634815 | 9634815 | 93.01 |
| വികസനഫണ്ട്(SCP) | 3541464 | 1630700 | 1630700 | 46.05 |
| വികസനഫണ്ട്(TSP) | -- | -- | -- | -- |
| സംരക്ഷണ ഗ്രാന്റ്(Road) | 1624251 | 596561 | 596561 | 36.73 |
| സംരക്ഷണഗ്രാന്റ്(NR) | 2969901 | 2032913 | 2032913 | 68.45 |
| ധന. കമ്മീഷൻ ഗ്രാന്റ് | 5809997 | 2050592 | 2050592 | 35.29 |
| പെർഫോമൻസ് | 567139 | 125140 | 125140 | 22.06 |

| | | | | |
|---|---|---|---|---|
| ഗ്രാന്റ് | | | | |
| MGNREGS ഫണ്ട് | 27356028(മുന്നിരിപ്പ് ഉൾപ്പെടെ) | 27353575 | 27353575 | 99.99 (2453 നീക്കിയിരിപ്പ് ) |
| ബി -ഫണ്ട് | 31386045 | 31386045 | 31386045 | 100 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 128 | 36544275 | 45 | 17295721 | 20 | 63 | 35 |

ആകെ അംഗീകാരം ലഭിച്ച പദ്ധതികളിൽ 35% മാത്രമേ തൻ വർഷം നടപ്പാക്കിയുള്ളു. ഇതിൽ നിന്നും ഓഡിറ്റു വർഷം പദ്ധതി നിർവ്വഹണം കാര്യക്ഷമമായിരുന്നില്ല എന്നു വ്യക്തമാകുന്നു.

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 57.37ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 2325483 | 4356047 | +2030564 | (+)87.3% |
| നികുതിയേതര വരവുകൾ | 1001889 | 222327 | (-)779562 | (-)77.8% |
| മറ്റ് വരവുകൾ | 38749 | 717219 | (+)678470 | (+)1750% |
| ആകെ | 3366121 | 5295593 | 1929472 | (+)57.32% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 171600 | 109 |
| കർഷകതൊഴിലാളി പെൻഷൻ | 13006790 | 1407 |
| വിധവാപെൻഷൻ | 4953100 | 474 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 9289615 | 994 |
| വികലാംഗപെൻഷൻ | 2233040 | 242 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 566950 | 57 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 90000 | 3 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.6.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4372/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്ററുകളിൽ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്. വസ്തു നികുതിയോടൊപ്പം ചുമത്തുന്ന സേവന ഉപ നികുതി, ചട്ടം 26,27 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ആകെ 10% ൽ കുറയാതെയുള്ള ഉപ നികുതി ഈടാക്കാവുന്നതാണെന്നും കൂടിയ നിരക്ക് പഞ്ചായത്തിന് നിശ്ചയിക്കാമെന്നും പറയുന്നുണ്ട്. എന്നാൽ വസ്തു നികുതിയോടൊപ്പം 50% സേവന ഉപനികുതിയാണ് പഞ്ചായത്ത് ഈടാക്കി വരുന്നത്. ഇത് നികുതി ദായകരുടെ നികുതി ഭാരം വർദ്ധിക്കുന്ന തിനും വസ്തു നികുതി കുടിശിക പെരുകുന്നതിനും കാരണമായിട്ടുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.5.2017 | 30.4.17വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.5.16മുതൽ 4.6.16 വരെ. | 2011-12മുതൽ 2015-16വരെ. | 26.8.16. |

1-12 ദുരിതാശ്വാസ നിധി - പ്രവർത്തനരഹിതം - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് സഹായിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹായിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ്

നെടുമുടി ഗ്രാമ പഞ്ചായത്ത്. അടിയന്തിര ഘട്ടങ്ങളിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി വർഷങ്ങളായി നിലവിലുണ്ടായിരുന്ന എങ്കിലും 2016-17ൽ 6000 രൂപ മാത്രമാണ് വരവുള്ളത്.

അതുപോലെ, നിലവിലുള്ള കറണ്ട് അക്കൗണ്ടിൽ നിന്നും തുക സേവിംഗ്സ് അക്കൗണ്ടിലേക്ക മാറ്റിയാൽ നിക്ഷേപത്തിന് പലിശ ലഭിക്കുന്നതാണ്. ആയതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | : | 1882 |
| രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | : | 3002 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | : | 1061 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | : | 75544 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | : | 71.2 |
| 100 തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | : | 35 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 71.2തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. അതുപോലെ കേവലം 35 കുടുംബങ്ങൾക്കു മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭ്യമായത്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവിൽ വൻ കുറവ്

പഞ്ചായത്തിന്റെ 2016-17 വർഷത്തെ വസ്തു നികുതി പിരിവിൽ വൻ കുറവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു. തൻവർഷത്തെ ഡിമാന്റ് തുകയിൽ 42.85% ഉം, അരിയർ ഡിമാന്റിൽ 36.78% ഉം മാത്രമേ പിരിവായി ലഭിച്ചിട്ടുള്ളൂ. വരുമാനമാർഗ്ഗങ്ങൾ താരതമ്യേന കുറവായ നെടുമുടി പോലൊരു പഞ്ചായത്തിൽ പ്രധാന വരുമാനമാർഗ്ഗമായ വസ്തു നികുതിയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17ൽ ഡിമാന്റ് ചെയ്ത തുക | 30,05,651/- |
| തൻവർഷ പിരിവ് | 12,87,887/- |

| | |
|---|---|
| ശതമാനം | 42.85% |
| കുടിശിക ഡിമാന്റ് | 55,00,264/- |
| കുടിശിക പിരിവ് | 20,23,380/- |
| ശതമാനം | 36.78% |

ഇതിന്റെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/09-06-17) നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് നികുതി പരിഷ്കരണത്തോടനുബന്ധിച്ച് വിവരശേഖരണം നടത്തിയപ്പോഴുണ്ടായ വ്യാപകമായ പിശകു മൂലവും, വർദ്ധിപ്പിച്ച വസ്തു നികുതിയോടൊപ്പം 50% സേവനഉപനികുതി ഈടാക്കിയതിനാൽ ഈയിനത്തിൽ വർദ്ധിച്ച ഭാരമാണ് നികുതിദായകർക്കുണ്ടായതെന്നും ആയതിനാൽ നികുതിദായകർ നികുതി അടയ്ക്കുന്നതിൽ കാണിച്ച വിമുഖതയാണ് നികുതി പിരിവിൽ കുറവുണ്ടാകാൻ കാരണമെന്നുമാണ്. പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ സംഭാവന നൽകുന്ന വസ്തു നികുതി പിരിവിലെ കുറവ് നിസാരമായി കാണാവുന്നതല്ല. യാഥാർത്ഥ്യ ബോധമില്ലാതെ സേവന ഉപനികുതിയിൽ വരുത്തിയ വർദ്ധനവാണ് നികുതി പിരിവിനത്തിൽ കുത്തനെയുള്ള ഇടിവുണ്ടാകാനുള്ള പ്രധാന കാരണം. വർദ്ധിപ്പിച്ച വസ്തു നികുതിയുടെ 50% മാണ് സേവന ഉപനികുതിയായി പഞ്ചായത്ത് ചുമത്തിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ സേവന ഉപനികുതി 26, 27 എന്നീ ചട്ടങ്ങൾ പ്രകാരം കെട്ടിട വസ്തു നികുതിയുടെ 4% ശുചിത്വ പരിപാലനത്തിനും, 3% ജലവിതരണത്തിനും, 2% തെരുവു വിളക്കുകൾക്കും, 1% ഡ്രെയിനേജിനായും, അങ്ങനെ ആകെ 10% ൽ കുറയാത്ത തുക സേവന ഉപനികുതിയായി ചുമത്താവുന്നതാണ്. ഈ ചട്ടം അനുസരിച്ച് പഞ്ചായത്ത് ഏർപ്പെടുത്തിയ 50% സേവന ഉപനികുതി അമിതമാകയാൽ വസ്തു നികുതി തന്നെ ജനങ്ങൾ അടയ്ക്കാതെയായി. ഇത് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വൻ കുറവാണ് വരുത്തി വെച്ചത്. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ടവറുകളുടെ വസ്തുനികുതി ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ എത്ര മൊബൈൽ ടവ്വറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും, അവയിൽ നിന്നും വസ്തുനികുതി ഈടാക്കുന്നുണ്ടോയെന്നും ആരാഞ്ഞ് നൽകിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ നാല് ടവറുകളാണ് ഉള്ളതെന്നാണ്. ഇതിൽ ഒരെണ്ണം 2010-11 മുതലും, ബാക്കിയുള്ളവ 2013-14 മുതലും വസ്തു നികുതി അടവാക്കാനുണ്ടെന്നും, അത് ഈടാക്കുന്നതിന് പഞ്ചായത്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 14.01.2011 ലെ 19/2011/തസ്വഭവ ഉത്തരവ് പ്രകാരം ചതുരശ്ര മീറ്ററിന് 500/- രൂ. എന്ന നിരക്കിലാണ് നികുതി ഈടാക്കേണ്ടത്. എന്നാൽ ഇന്നുവരെ ടവറുടമകൾ വസ്തുനികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, കെട്ടിട നം. | തറ വിസ്തീർണ്ണം | വാർഷിക നികുതി | കുടിശിക വരുത്തിയ വർഷം | 2016-17വരെ കുടിശ്ശിക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | ഇൻഡസ് ടവേഴ്സ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്. (15/63A) | $14.23m^2$ | 7115 | 2013-14മുതൽ | 7115x4 =28460 |
| 2. | ടാറ്റാ ടെലി ഇൻഫോസർവ്വീസസ് ലിമിറ്റഡ്. (11/34A | $15.54m^2$ | 7770 | 2013-14മുതൽ | 7770x4 =31080 |
| 3. | വോഡഫോൺ എസ്സാർ സർവ്വീസസ് ലിമിറ്റഡ്. (5/282) | $19.88m^2$ | 9940 | 2010-11മുതൽ | 9940x7 =69580 |
| 4. | ബിഎസ്സ്എൻഎൽ (9/212A) | $16m^2$ | 8000 | 2013-14മുതൽ | 8000x4 =32000 |

ടവറുകളുടെ നികുതിയിനത്തിൽ 2016-17 വരെ പിഴയും സേവന നികുതിയും കൂടാതെ 1,61,120/- രൂപയുടെ നഷ്ടം പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. പിഴപ്പലിശയും സേവന നികുതിയും സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചമ്പക്കുളം സെന്റ്.മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്സ്.എ യായ ശ്രീ.സാജു ജോസഫ് 2016-17 ഒന്നാം അർദ്ധ വർഷം 1250/-രൂ. തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 2016-17 രണ്ടാം അർദ്ധ വർഷം നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

അതുപോലെ ടി സ്കൂളിലെ എച്ച്.എസ്സ്.എ മാരായ ശ്രീ.രാജു.എം.ജോർജ്ജ്, ശ്രീമതി.ജിൻസി ജോസഫ് എഫ്.ടി.എം മാരായ ശ്രീ.റോബിൻ ജോർജ്ജ്, ശ്രീമതി.ത്രേസ്യാമ്മ എന്നിവർ 2016-17 ഒന്നാം അർദ്ധ വർഷം നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. എന്നാൽ 2016-17 രണ്ടാം അർദ്ധ വർഷം നിയമനത്തിന് അംഗീകാരം ലഭിച്ച ശേഷം ടി ജീവനക്കാർ ഒന്നാം അർദ്ധ വർഷത്തെ നികുതി ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.7/09-06-17) മറുപടിയിൽ പറഞ്ഞിരിക്കുന്നത് പ്രസ്തുത തുക അടയ്ക്കാനാവശ്യപ്പെട്ട് സെന്റ്.മേരീസ് എച്ച്.എസ്സ്.എസ്സിന് കത്ത് നൽകിയിട്ടുണ്ടെന്നാണ്. പഞ്ചായത്തിന് ലഭിക്കേണ്ട 5750/-രൂ. (1250x3=3750, 1000x2=2000)പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ബാങ്ക് നിക്ഷേപങ്ങൾക്ക് പലിശ ലഭിക്കുന്നില്ല

1. എസ്.ബി.റ്റി ചമ്പക്കുളം ബ്രാഞ്ചിൽ എസ്.എസ്.എ അക്കൗണ്ടിൽ (6701091310-4) 30.11.2015-ൽ നീക്കിയിരിപ്പുള്ള 40377 രൂപക്ക് 11/2015 ന് ശേഷം ഇടപാടുകളൊന്നും നടക്കുന്നില്ല എന്ന കാരണത്താൽ നാളിതുവരെ പലിശ ഒന്നും തന്നെ ലഭിക്കുന്നില്ല.
2. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ കുട്ടനാട് പാക്കേജിന്റെ പേരിലുള്ള അക്കൗണ്ടിൽ 31.3.15 ൽ നീക്കിയിരിപ്പുള്ള 794591രൂപക്ക് 3/2015 ന് ശേഷം ഇടപാടുകളൊന്നും നടക്കുന്നില്ല എന്ന കാരണത്താൽ നാളിതുവരെ പലിശ ഒന്നും തന്നെ ലഭിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4) ലഭ്യമാക്കിയ മറുപടിയിൽ പലിശ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പലിശ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വാർഡ് X1ൽ നടുഭാഗം പട്ടിക ജാതി കോളനി കുടിവെള്ള പദ്ധതി (പ്രോജക്ട്നം.133/17), വാർഡ് XV ൽ കെ.പി.പട്ടികജാതി കോളനിയിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം (പ്രോജക്ട്നം.134/17) എന്നീ പദ്ധതികളിൽ ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത യഥാക്രമം 2,50,000/- (ബിൽ നം.11/16-17 തീയതി 30.3.17), 1,79,000/- (ബിൽ നം.12/16-17 തീയതി 30.3.17) രൂപയുടെയും കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിരുന്നില്ല.

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/5.6.17ന് രേഖകൾ ലഭ്യമാക്കുന്നതിന് ഭൂജല വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും അത് ലഭിക്കുമ്പോൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. രേഖകൾ ഹാജരാക്കുന്നതു വരെ, രണ്ടു പദ്ധതികളിലായി ചെലവഴിച്ച 4,29,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ബിഎസ്സ്എൻഎൽ-എഫ് ടിടിഎച്ച് ഇന്റർനെറ്റ് കണക്ഷൻ (0477 2970158) സംബന്ധിച്ച്

ബിഎസ്സ്എൻഎൽ-ന്റെ - എഫ് ടിടിഎച്ച് മുഖേനയുള്ള ഇന്റർനെറ്റ് കണക്ഷൻ 2016 ഏപ്രിൽ മുതൽ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. (0477 2970158) ഇതിനായി 2016-17ൽ 24529/- രൂ. തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുമുണ്ട്. ഈ കണക്ഷൻ പഞ്ചായത്തിൽ ലഭ്യമായിക്കഴിഞ്ഞാൽ മറ്റെല്ലാ ഇന്റർനെറ്റ് കണക്ഷനുകളും റദ്ദ് ചെയ്യാവുന്നതാണെന്ന ഇൻഫർമേഷൻ കേരള മിഷന്റെ 86/TSIM /2016/IKM തീയതി 18-01-2016 സർക്കുലർ നിലവിൽ ഉണ്ട്. എന്നാലിപ്പോഴും എഫ് ടിടിഎച്ച് മുഖേനയുള്ള ഇന്റർനെറ്റ് കൂടാതെ രണ്ട് ഇന്റർനെറ്റ് കണക്ഷനുകൾക്ക് കൂടി പഞ്ചായത്ത് പണമടച്ചു വരുന്നതായി വൗച്ചർ പരിശോധനയിൽ നിന്നും മനസ്സിലാകുന്നു. ഇതിനായി 2016-17 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/08-06-2017) നൽകിയ മറുപടിയിൽ എം.ജി.എൻ.ആർ.ജി.എസ്സ്. ഇന്റർനെറ്റിന് (04772737780) 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ 3402/-രൂപയും, പഞ്ചായത്ത് ഓഫീസ് ലാന്റ് ലൈൻ ഇന്റർനെറ്റിന് (0477 2736236) 2016 ഏപ്രിൽ

മുതൽ 2017 മാർച്ച് വരെ 4500/- രൂപയും, അടക്കം ആകെ 7902/- രൂപ അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പാലിക്കാതിരുന്നതു മൂലം അധികം ചെലവഴിക്കേണ്ടിവന്ന 7902/-രൂ. നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ചെമ്പുംപുറം സൗത്ത് യു.പി.സ്കൂൾ മെയിന്റനൻസ് - സർവ്വീസ് ടാക്സ് നൽകിയതുമൂലം അധിക ചെലവ്

പ്രോജക്ട് നമ്പർ - 16/17, അടങ്കൽ - 883008

കരാറുകാരൻ- തോമസ് മാത്യു, മങ്കിച്ചേരി, കായൽപുറം

അളവ് പുസ്തകം- 21/16-17

2016-17 ൽ ആരംഭിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്ത ഈപദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, അളവ് പുസ്തകം പുറം 19ൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് ഒന്നാം ഭാഗിക ബിൽ പ്രകാരം ആകെ 194951 രൂപയുടെ വേല ചെയ്തിട്ടുണ്ട്. ആയതിൻ നിന്നും ആദായ നികുതി 1% - 1950 മൂല്യവർദ്ധിത നികുതി 4%- 7798, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1%- 1950 എന്നിങ്ങനെ ആകെ 11698 രൂപ കുറവ് ചെയ്തശേഷം ബാക്കിയുള്ള തുകയ്ക്ക് 6% നിരക്കിൽ സർവ്വീസ് ടാക്സ് കണക്കാക്കി (10995) ആകെ 205946രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നും കരാറുകാരൻ സർവ്വീസ് ടാക്സ് ഒടുക്കിയിട്ടുണ്ട്. 20.06.12ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം വാടകയ്ക്ക് നൽകുവാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10995/-രൂപ ഫൈനൽ ബില്ലിൽ ക്രമപ്പെടുത്തുകയോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ബിൽ നമ്പർ- 7/16-17/31.3.17 = 205946

## 3-4 ആയുർവ്വേദ ആശുപത്രി മെയിന്റനൻസ്- മൂല്യ വർദ്ധിത നികുതി അധികം നൽകി.

പ്രോജക്ട് നമ്പർ - 15/17, അടങ്കൽ - 400000

കൺവീനർ - ഡോ.ബേനസീർ കോയതങ്ങൾ (മെഡിക്കൽ ഓഫീസർ)

ചെയർമാൻ- വിനീത് ഗോപാലൻ, അളവ് പുസ്തകം- 55/15-16

2015-16 ൽ ആരംഭിച്ച് സ്പിൽ ഓവർ പ്രോജക്ടായി 2016-17ൽ പൂർത്തിയാക്കിയ ഈപദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, 13-ഇനമായി സപ്ലയിംഗ് ആന്റ് ഫിക്സിംഗ് പി.വി.സി സംപ്റ്റിക് ടാങ്ക് എന്നയിനം ഒരെണ്ണത്തിന് 21500 രൂപ നൽകിയിട്ടുണ്ട്. അളവ് പുസ്തകം പുറം 36ലെ രേഖപ്പെടുത്തൽ പ്രകാരം കുലിപ്പുരക്കൽ ട്രേഡേഴ്സ്, തെക്കേക്കര, നെടുമുടി എന്ന സ്ഥാപനത്തിന്റെ 6.6.2016ലെ B124/16 നമ്പർ ബിൽ അനുസരിച്ച് 5% വാറ്റ് ഉൾപ്പെടെയാണ് (20476.19+1023.81), 21500 രൂപ നൽകിയിട്ടുള്ളത്. ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഈയിനത്തിന് നികുതിയുൾപ്പെടെയുള്ള നിരക്ക് അനുവദിക്കുകയും ആകെ മൂല്യത്തിനോടൊപ്പം വീണ്ടും 5% വാറ്റ് കണക്കാക്കുകയും ചെയ്തതുമൂലം 1024 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത്

സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11) ലഭ്യമാക്കിയ മറുപടിയിൽ തുക കൺവീനറിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ആകെ മൂല്യം - 287690

ഒന്നാം ഭാഗിക ബിൽ - 87/16 തിയതി- 31.3.16 – 127309

ഫൈനൽ ബിൽ - 2/16-17തിയതി- 17.1.17 - 160381

## 3-5 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ | തുക | തുക ആർക്ക് നൽകി എന്നത് | പരാമർശം |
|---|---|---|---|---|---|
| 1 | 61/17, പ്ലാനിംഗ് ഓഫീസ് സെക്രട്ടറിയേറ്റ് നിർമ്മാണം ധനസഹായം | 4/16-17/ 13.11.2016 | 400000 | മെമ്പർ സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കമ്മറ്റി ആലപ്പുഴ | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 2 | 65/17, ഐ.കെ.എം ന് വിഹിതം നൽകൽ | 10/16-17/ 13.11.2016 | 42550 | IKM എക്സിക്യൂട്ടീവ് ഡയറക്ടർ | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 3 | 73/17 തെരുവ് നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുക | 9/16-17 /13.11.16 | 200000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 4 | 60/17 പത്താം തരം തുല്യത പദ്ധതി | DD 48472/31.3.17 | 12600 | ഡയറക്ടർ സംസ്ഥാന സാക്ഷരത മിഷൻ | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| | ആകെ | | 655150 | | |

മേൽ സൂചിപ്പിച്ച ചെലവുകളുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം സർവ്വീസ് ടാക്സ് നൽകിയതുമൂലം അധികച്ചെലവ്

പ്രോജക്റ്റ് നമ്പർ - 19/17, അടങ്കൽ - 1500000

കരാറുകാരൻ- തോമസ് മാത്യു, മണ്ണിച്ചേരി, കായൽപുറം

അളവ് പുസ്തകം- 2/16-17

2016-17 ൽ ആരംഭിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്ത ഈപദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, അളവ് പുസ്തകം പുറം 37ൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് ഒന്നാം ഭാഗിക ബിൽ പ്രകാരം ആകെ 566764 രൂപയുടെ വേല ചെയ്തിട്ടുണ്ട്. ആയതിൽ നിന്നും ആദായ നികുതി 1% - 5668 മൂല്യ വർദ്ധിത നികുതി 4%- 22671, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1%- 5668 എന്നിങ്ങനെ ആകെ 34007 രൂപ കുറവ് ചെയ്തശേഷം ബാക്കിയുള്ള തുകയ്ക്ക് 6% നിരക്കിൽ സർവ്വീസ് ടാക്സ് കണക്കാക്കി (31966) കരാറുകാരന് 532757രൂപ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും കരാറുകാരൻ സർവ്വീസ് ടാക്സ് ഒടുക്കിയിട്ടുണ്ട്. 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ, വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 31966/-രൂപ ഫൈനൽ ബില്ലിൽ ക്രമപ്പെടുത്തുകയോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ബിൽ നമ്പർ- 15/17/ 31.3.17 = 498730

ബിൽ നമ്പർ 16/17/31.3.17 = 100000

## 3-7 ധന സഹായം - ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല -ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

എ).ഗാർഹിക വാട്ടർ കണക്ഷൻ (പ്രോജക്റ്റ് നം. 7/17, പ്രോജക്റ്റ് നം. 57/17)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി.
ഗാർഹിക വാട്ടർ കണക്ഷന് വേണ്ടിയുള്ള പദ്ധതികളിൽ 20,000/- (10,000/-ബിൽ നം. 9&10/16-17തീയതി 14.3.17, 10,000/- ബിൽ നം. 9&10/16-17തീയതി 31.3.17) രൂപ പിൻവലിച്ച് നാല് ഗുണഭോക്താക്കൾക്കായി നൽകി. ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/5.6.17ന്, വിശദാംശങ്ങൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. രേഖകൾ ഹാജരാക്കുന്നതു വരെ, ചെലവഴിച്ച 20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി).പാലിന് സബ്സിഡി -ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക ക്രഡിറ്റ് ആയതിന്റെ വിവരം നൽകിയില്ല.
നിർവഹണ ഉദ്യോഗസ്ഥ -ഡയറിഫാം ഇൻസ്പെക്ടർ.

പാലിന് സബ്സിഡി (പ്രോജക്റ്റ് നം.53/17) പദ്ധതിയിൽ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി 3,50,000/- (2,50,000/-ബിൽ നം.1/16-17 തീയതി, 25.3.17 രൂപ വികസന

ഫണ്ടിൽ നിന്നും 1,00,000/-രൂപ (ചെക്ക് നം.1633094/30.3.17) ജില്ലാ പഞ്ചായത്ത് വിഹിതം) ചെലവഴിച്ചിട്ടുണ്ട്. എഴുപത്തിനാല് ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചത്. മങ്കൊമ്പ് സബ് ട്രഷറി, എസ്.ബി.ഐ, ചമ്പക്കുളം ശാഖ എന്നീ സ്ഥാപനങ്ങളുടെ സീൽ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് മാത്രമാണ് തുകയുടെ വിതരണവുമായി ബന്ധപ്പെട്ട് ഫയലിൽ സൂക്ഷിച്ചിരുന്നത്.

പിൻവലിച്ച തുക കൃത്യമായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.3/8.6.17 ന് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക ക്രഡിറ്റ് ആയത് ഉറപ്പുവരുത്തിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ, എപ്രകാരം ഉറപ്പാക്കി എന്നത് വ്യക്തമാക്കാനാവശ്യമായ യാതൊരു രേഖയും (ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ് ബുക്കിന്റെ പകർപ്പ്) ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. തുക ഗുണഭോക്താക്കൾക്ക് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ പദ്ധതിക്കായി ചെലവഴിച്ച 3,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ആരോഗ്യമേഖലയിലെ മരുന്ന് വാങ്ങൽ പദ്ധതികൾ - നൽകിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചില്ല – ചെലവ് നിരാകരിക്കുന്നു

എ).മെഡിക്കൽ ഓഫീസർ (ആയുർവേദം)

ആയുർവേദ ആശുപത്രിക്ക് മരുന്ന് (പ്രോജക്ട് നം.49/17) വാങ്ങുന്നതിനായി 5,00,000/- (ബിൽ നം.1/16-17 തീയതി 20.12.16), രൂപയും വൃദ്ധജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ സൌകര്യം ലഭ്യമാക്കുക (പ്രോജക്ട് നം.96/17) എന്ന പദ്ധതിയിൽ മരുന്നുകൾക്കായി 3,00,000/- (2,00,000/- ബിൽ നം.2/16-17 തീയതി 20.12.16, 1,00,000/- ബിൽ നം.5/16-17 തീയതി 30.03.17) രൂപയും ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 49/17 നം.പദ്ധതിയിൽ 492600/- രൂപയുടെയും, 96/17 നം.പദ്ധതിയിൽ 221767/- രൂപയുടെയും മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ഔഷധ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യമാണ് ഔഷധിയിൽ നിന്നും മരുന്ന് ലഭിക്കുന്നതിലെ കാലതാമസമായി ഓഡിറ്റ് അന്വേഷണം നം.2/8.6.17 നുള്ള മറുപടിയിൽ അറിയിച്ചത്. മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്തതിനാൽ ബാക്കിയുള്ള 85633/- (7400+78233) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി) മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പാലിയേറ്റിവ് കെയർ (പ്രോജക്ട് നം.28/17) :-

1,95,000 /- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ചെക്ക്നം.009179/31.01.2017

പാലിയേറ്റിവ് കെയർ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 1,95,000/- (ചെക്ക്നം.009179/31.01.2017)രൂപ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് പിൻവലിച്ച നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഡിഡി നം. | തുക. |
|---|---|---|---|
| 1. | ഔഷധി. | 972909/ 13.2.17 | 75,000/- |
| 2. | കെഎംഎസ് സിഎൽ (മരുന്ന്) | 972910/ 13.2.17 | 10,000/- |

| | | | |
|---|---|---|---|
| 3. | കെഎംഎസ് സിഎൽ<br>(അനുബന്ധ ഉപകരണങ്ങൾ) | 972911/<br>13.2.17 | 39321/- |
| 4. | സിഡ്കോ.<br>(ഉപകരണങ്ങൾ) | 972914/<br>13.2.17 | 20679/- |
| 5. | ഹോംകെയർകിറ്റ്(കെഎംഎസ് സിഎൽ) | 972912/<br>13.2.17 | 4804/- |
| 6. | ഹോംകെയർകിറ്റ്(കെഎംഎസ് സിഎൽ) | 972913/<br>13.2.17 | 43615/- |
| 7. | ഹോംകെയർകിറ്റ്(സിഡ്കോ.) | 972915/<br>13.2.17 | 1581/- |

ഓഡിറ്റ് അന്വേഷണം നം.9/12.6.17 നുള്ള മറുപടിയിൽ ഔഷധിയിൽ നിന്നും 51455/-രൂപക്കുള്ള മരുന്നുകളും ഹോംകെയർ കിറ്റ്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവക്കായി സിഡ്കോക്ക് നൽകിയ 22260/- (20679+1581) രൂപക്കുള്ള സാധനങ്ങളും മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചത്. മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിക്കാത്തതിനാൽ ഔഷധിക്ക് നൽകിയ 23545/-(75000-51455) രൂപയും കെ.എം.എസ്.സി.എൽ ന് നൽകിയ 97740/- രൂപയും ഉൾപ്പെടെ 121285/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-9 <u>സാനിട്ടറി യൂണിറ്റ് നിർമ്മാണം -സ്വച്ഛ്ഭാരത് മിഷൻ ഫണ്ട് പൂർണ്ണമായും ലഭിച്ചില്ല.</u>

സാനിട്ടറി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ടോയിലറ്റ് നിർമ്മിക്കുന്നതിനുള്ള ഒ.ഡി.എഫ് ക്യാമ്പയിൻ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 159 ടോയിലറ്റുകളും എസ്.സി വിഭാഗത്തിൽ 37 ടോയിലറ്റുകളും ആണ് നിർമ്മിച്ചിട്ടുള്ളത്. കേന്ദ്രഫണ്ട് ലഭിക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും ആണ് മുഴുവൻ തുക 3018400/- (196*15400)യും ചെലവഴിച്ചത്. സ്വച്ഛ്ഭാരത് മിഷനിൽ നിന്നും 2352000/- (196*12000) രൂപ ലഭിക്കേണ്ടിടത്ത് രണ്ടു ഗഡുക്കളായി 1834560/- രൂപയാണ് ലഭിച്ചത്. ഇതിൽ ഭവന പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ 125000/-രൂപയും തുടർസാക്ഷരതക്കായി 12600/- രൂപയും ചെലവഴിച്ചിട്ടുണ്ട്.
തിരികെ ലഭിച്ച തുക അനിവാര്യ പ്രോജക്ടുകൾക്ക് വിനിയോഗിച്ച ശേഷം ബാക്കിയുള്ളത് ശുചിത്വ പ്രോജക്ടുകൾക്കായി വിനിയോഗിക്കണമെന്ന് 28.12.16 ലെ വികേന്ദ്രികാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 517440/-രൂപ ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ലഭിക്കുന്ന തുക മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കേണ്ടതുമാണ്.

## 3-10 <u>പാലിയേറ്റിവ് കെയർ പദ്ധതി -വാഹന വാടക അനുവദിക്കുന്നതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.</u>

പാലിയേറ്റീവ് പരിചരണത്തിനായുള്ള 29.10.15 ലെ ജി.ഒ.(ആർ.ടി) 3217/2015 തസ്വഭവ ഉത്തരവ് പ്രകാരം ഓടുന്ന ദൂരത്തിന് ആനുപാതികമായി തുക രേഖപ്പെടുത്തിയാണ് വാഹനത്തിന് ക്വട്ടേഷൻ

ക്ഷണിക്കേണ്ടത്. കിലോമീറ്റർ അനുപാതത്തിലാണ് വാഹനത്തിന് ക്വട്ടേഷൻ ക്ഷണിക്കേണ്ടത് എന്ന് പി.എം.സി മിനുട്സിൽ രേഖപ്പെടുത്തിയെങ്കിലും ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ അത് പാലിച്ചില്ല. ദൂരം പരിഗണിക്കാതെ ഒരു ദിവസത്തേക്ക് 1000/- രൂപയാണ് വാടക നൽകിയിരിക്കുന്നത്. ട്രിപ്പ് ഷീറ്റ് പ്രകാരം കൂടുതൽ ദിവസങ്ങളിലും 25-34 KMദൂരമാണ് വാഹനം ഓടിയിട്ടുള്ളത്. ഇത് പ്രകാരം അനുവദിക്കാവുന്ന പരമാവധി വാടക 900/-രൂപയാണ്. പ്രദേശത്തിന്റെ പ്രത്യേകത കാരണം കിലോമീറ്റർ അനുപാതത്തിൽ ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ആരും പങ്കെടുത്തില്ല എന്നും വരുംവർഷങ്ങളിൽ അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം.9/12.6.17ന് മറുപടി നൽകി. വാഹന വാടക ഇനത്തിലെ അധിക ചെലവ് ഒഴിവാക്കാൻ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും വിധം വെയിറ്റിംഗ് ചാർജ് ഉൾപ്പെടെയുള്ള വിവരം രേഖപ്പെത്തി ക്വട്ടേഷൻ ക്ഷണിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് 2016-17ൽ എംപ്ലോയീസ് തൊഴിൽ നികുതിയിനത്തിൽ കുടിശികയുള്ള 13150 രൂപ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി ഉൾപ്പെടുത്തിവരുന്നതെന്നും കുടിശികയായി ലഭിക്കുവാനുള്ള തുകയുടെ വിവരം സാംഖ്യ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
2. സ്ഥാപന തൊഴിൽ നികുതിയിനത്തിൽ തൻവർഷം കെ.എസ്.ഇ.ബി യിൽ നിന്നും പിരിച്ചെടുക്കുവാനുള്ള (കുടിശിക), 2500 രൂപ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. അക്കൗണ്ട്സ് പ്രകാരമുള്ള വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരം ഇ.എഫ്.എം.എസ് ട്രാൻസാക്ഷൻ ഉൾപ്പെടെ ആകെ ചെലവ് 27353575 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത് 20643498 രൂപയുമാണ്. 6710077രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
5. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 129000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | 4000* |
| | 200000 | പാലിയേറ്റീവ് കെയർ | 195000 | 5000 |
| | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 00 |
| ജില്ലാ പഞ്ചായത്ത് | 629000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 129000 | 500000 |
| | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 00 |

* 4000 രൂപ നീക്കിയിരിപ്പ് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുടിവെള്ള പദ്ധതികൾ | 21600985/31.3.2017 | 179000 | 00 | 179000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുടിവെള്ള പദ്ധതികൾ | 21600986/31.3.2017 | 250000 | 00 | 250000 |

4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തിരിച്ചടച്ച തുക | | സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt) No. 960/10/LSGD തീയതി,20/3/2010 | 10965000 | 2719996 | 1380000 | 00 | 1339996 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7ഓഡിറ്റ് റിക്കവറി

ഇല്ല

4-8സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-6 | 2011-12 | 3.1.8 | ആറു ലക്ഷം രൂപ ചെലവഴിച്ചിട്ടും തരിശുനിലം കൃഷി യോഗ്യമായില്ല. | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. |
| 2009-10 | 3-12 | 2011-12 | 3.1.19 | ഇടവിളകൃഷിക്കായി പദ്ധതികൾ രൂപീകരിയ്ക്കുകയോ തുക ചെലവഴിയ്ക്കുകയോ ചെയ്തിട്ടില്ല. | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38049958 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34668924/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 166870 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 258805 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1454150 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 161120 | -- | ശ്രീ.ജോയ് മാത്യൂ<br>സെക്രട്ടറി |
| 2-3 | 5750 | | ശ്രീ.ജോയ് മാത്യൂ<br>സെക്രട്ടറി |
| 3-2 | | 7902 | ശ്രീ.ജോയ് മാത്യൂ<br>സെക്രട്ടറി |
| 3-3 | | 10995 | ശ്രീ.ബിനോയ് ബോസ്<br>അസിസ്റ്റന്റ്എഞ്ചിനീയർ, |
| 3-4 | | 1024 | ശ്രീ.ബിനോയ് ബോസ്<br>അസിസ്റ്റന്റ്എഞ്ചിനീയർ, |
| 3-6 | | 31966 | ശ്രീ.ബിനോയ് ബോസ്<br>അസിസ്റ്റന്റ്എഞ്ചിനീയർ, |
| ആകെ | 166870 | 258805 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 429000 | പി.അജയകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 655150 | ശ്രീ.ജോയ് മാത്യൂ<br>സെക്രട്ടറി |
| 3-7(a) | 20000 | പി.അജയകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(b) | 350000 | സെൽമ ബീവി.എ,<br>ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-8(a) | 85633 | ഡോ.റോയ് ബി ഉണ്ണിത്താൻ,<br>മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-8(b) | 121285 | ഡോ.ഫിലിപ്പ് ജേക്കബ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| | 1454150 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോയ് മാത്യൂ,<br>സെക്രട്ടറി | സെക്രട്ടറി,<br>നെടുമുടിഗ്രാമപഞ്ചായത്ത് | കായൽപുറം,<br>കൈനകരിപി.ഒ.,<br>ആലപ്പുഴ |
| ബിനോയ് ബോസ്<br>അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ<br>നെടുമുടിഗ്രാമപഞ്ചായത്ത് | ശ്രീമന്ദിരം,<br>എസ്.എൻ.പുരം.പി.ഒ<br>ചേർത്തല-688522 |
| പി.അജയകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീശങ്കരം, |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | നെടുമുടിഗ്രാമപഞ്ചായത്ത് | പുന്നപ്ര.പി.ഒ,ആലപ്പുഴ |
| സെൽമ ബീവി.എ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>നെടുമുടിഗ്രാമപഞ്ചായത്ത് | മക്കാരുപറമ്പ്, നീർക്കുന്നം പി.ഒ, വണ്ടാനം, ആലപ്പുഴ |
| ഡോ.റോയ്.ബി.ഉണ്ണിത്താൻ<br>മെഡിക്കൽ ഓഫീസർ ആയുർവ്വേദം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം<br>നെടുമുടിഗ്രാമപഞ്ചായത്ത് | ജയ, പ്ലാക്കുടി ലെയിൻ, അമ്പലപ്പുഴ, |
| ഡോ.ഫിലിപ്പ് ജേക്കബ്, മെഡിക്കൽ ഓഫീസർ, സി.എച്ച്. സി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)<br>നെടുമുടി ഗ്രാമ പഞ്ചായത്ത് | ചെമ്പുംതറ, മാമ്പുഴക്കരി, രാമങ്കരി.പി.ഒ,ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ5/832/11/31.01.12<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2006-07,2007-08 | എൽ.എഫ്.ജി.എ5/1577/14/16.05.14 |
| 2008-09 | എൽ.എഫ്.ജി.എ5/1577/14/7.06.14 |
| 2009-10 | എൽ.എഫ്.ജി.എ5/1577/14/16.05.14 |
| 2010-11&2011-12 | എൽ.എഫ്.എ.പി1/766/13/21.01.14 /11.4.14 |
| 2012-13&2013-14 | എൽ.എഫ്.എ.പി1/1990/14/ |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി1-87/2016 /11.2.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി1-36/2017 /17.1.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി.1-723 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 19.06.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P1-723/17

Kerala State Audit Department,

District Audit Office, Alappuzha.

Date:19.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Nedumudy Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Nedumudy Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha